ഉത്തരം

(എ) സംസ്ഥാനത്ത് പത്തനംതിട്ട, ഇടുക്കി, പാലക്കാട്, തൃശൂർ, വയനാട് എന്നീ ജില്ലകളിൽ എൽ. പി./യു.പി. അസിസ്റ്റന്റ് (തമിഴ് മീഡിയം) തസ്തികയിൽ പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ട്.

(ബി) തിരുവനന്തപുരം .. 13
പാലക്കാട് .. 4
വയനാട് .. 1

(സി & ഡി) തിരുവനന്തപരും ജില്ലയിൽ 11-ഉം പാലക്കാട് ജില്ലയിൽ 62-ഉം വയനാട് ജില്ലയിൽ 1-ഉം നിയമനം നടത്തിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ വികലാംഗർക്ക് നിയമനം നൽകിയിട്ടില്ല. പാലക്കാട് ജില്ലയിൽ ഈ വിഭാഗത്തിൽ നീക്കിവച്ചിരുന്ന ഒരു ഒഴിവിൽ നിമയനം നടത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ 1999 മുതൽ 2003 വരെ മൊത്തം 3 ഒഴിവുകൾ മാത്രമാണ് തമിഴ് മീഡിയത്തിൽ ഉണ്ടായത്. ഒരു വർഷത്തിൽ ചുരുങ്ങിയത് 33 ഒഴിവുകൾ വന്നാൽ മാത്രമേ ഒരു ഒഴിവ് വികലാംഗർക്ക് നീക്കിവയ്ക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ വികലാംഗർക്ക് നിയമനം നൽകിയിട്ടില്ല.

(ഇ) ജില്ലാ കളക്ടറിൽ നിന്നും നിയമനം സംബന്ധിച്ച ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്താൻ നടപടി സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ എൽ. പി./യു. പി. അസിസ്റ്റന്റ് തസ്തികയിൽ പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം

67 [1427] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിൽ എത്ര പേരെയാണ് നിയമനത്തിന് ശുപാർശ ചെയ്തിട്ടുള്ളത്;

(ബി) ഇതിൽ എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്;

(സി) ജില്ലയിലെ വിവിധ സ്കൂളുകളിൽ ദിവസവേതന വ്യവസ്ഥയിൽ താൽക്കാലികാടിസ്ഥാനത്തിൽ എൽ. പി./യു. പി. അസിസ്റ്റന്റ് തസ്തികയിൽ എത്ര അദ്ധ്യാപകർ ജോലി നോക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്ന മുഴുവൻ അദ്ധ്യാപകർക്കും പകരം പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 501 പേരെ.

(ബി) 441 പേർക്ക്.

(സി) 60 പേർ.

(ഡി) താല്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്ന മുഴുവൻ അദ്ധ്യാപകർക്കും പകരം പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കഴിയുകയില്ല. ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകളുടെ 65% ഒഴിവുകൾ മാത്രമേ നിയമപ്രകാരം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നിർവ്വാഹമുള്ളൂ.

തിരുവനന്തപുരം ജില്ലയിലെ എൽ. പി./യു. പി. അസിസ്റ്റന്റ് മലയാളം തസ്തിക

68 [1428] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ എൽ. പി./യു.പി. അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഇനി എത്ര ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്?

ഉത്തരം

(എ) 340 ഒഴിവുകൾ.

(ബി) 2003-2004-ൽ നിലവിലുണ്ടായിരുന്ന 340 ഒഴിവുകളിൽ പി. എസ്. സി.-ക്ക് റിപ്പോർട്ടു ചെയ്യേണ്ട 65% ആയ 221 ഒഴിവുകളും 12 നോൺ ജോയിനിംഗ് ഡ്യൂട്ടി ഒഴിവുകളും ഉൾപ്പെടെ 233 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഇനിയും ഈ വർഷം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ഒഴിവുകൾ നിലവിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly